## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 1238

02..03..2017 -ൽ
മറുപടിയ്ക്ക്

### കളക്ടർ വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ

*ചോദ്യം*
ശ്രീ. യു. ആർ. പ്രദീപ്

*ഉത്തരം*
പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) ജിഷ്ണു പ്രണോയ് എന്ന വിദ്യാർത്ഥിയുടെ മരണവുമായി ബന്ധപ്പെട്ട് ഉണ്ടായ വിദ്യാർത്ഥി പ്രക്ഷോഭങ്ങളെ തുടർന്ന് അടച്ചിട്ട തൃശൂർതിരുവില്വാമല- പാമ്പാടി നെഹ്രു എഞ്ചിനീയറിംഗ് കോളേജ് തുറന്ന് പ്രവർത്തിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം 15.2.2017-ന് തൃശൂർ ജില്ലാ കളക്ടർ വിളിച്ചു ചേർത്ത യോഗത്തിലെ തീരുമാനങ്ങൾ എന്തൊക്കെയാണ്; | (എ) യും (ബി) യും ജിഷ്ണു പ്രണോയ് എന്ന വിദ്യാർത്ഥിയുടെ മരണവുമായി ബന്ധപ്പെട്ട് ഉണ്ടായ വിദ്യാർത്ഥി പ്രക്ഷോഭങ്ങളെ തുടർന്ന് കളക്ടർ വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ ഉൾപ്പെടെയുള്ള മിനിട്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഈ യോഗത്തിന്റെ മിനിട്സിന്റെ കോപ്പി ലഭ്യമാക്കാമോ? | |

*സെക്ഷൻ ഓഫീസർ*

അനുബന്ധം

ബി1-2946/2017

**<u>പാമ്പാടി നെഹ്റു കോളേജിൽ അധ്യയനം പുനരാരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയുടെ നിർദ്ദേശപ്രകാരം 15.02.2017 തീയതി 9 A.M ന് തൃശ്ശൂർ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലും ബഹുമാനപ്പെട്ട ചേലക്കര എം. എൽ. എ. ശ്രീ. യു. ആർ. പ്രദീപിന്റെ സാന്നിദ്ധ്യത്തിലും കളക്ടറേറ്റിൽ ചേർന്ന യോഗത്തിന്റെ മിനിറ്റ്സ്.</u>**

യോഗത്തിൽ താഴെ പറയുന്നവർ സംബന്ധിച്ചു.

1. ശ്രീ. എൻ. വിജയകുമാർ ഐ. പി. എസ്., ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ (റൂറൽ)
2. ശ്രീ. സി. കെ. അനന്തകൃഷ്ണൻ, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, തൃശ്ശൂർ.
3. ശ്രീ.പി.വിശ്വംഭരൻ, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, കുന്നംകുളം
4. ശ്രീ. എൻ. സതീഷ് കുമാർ, അസിസ്റ്റന്റ് എഡിറ്റർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
5. ശ്രീ. എ. പ്രസാദ്, ദേശീയ നിർവ്വാഹക സമിതി അംഗം, എ.ബി.വി.പി
6. ശ്രീ. സന്തോഷ് വി. ഡി, സംസ്ഥാന കമ്മിറ്റി അംഗം, എ.ഐ.ഡി.എസ്.ഒ
7. ശ്രീ. എം. കെ. ഷഹസാദ്, സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം, എ.ഐ.ഡി.എസ്.ഒ
8. ശ്രീ. ശ്യാൽ പുതുക്കാട്, സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം, എ.ഐ.എസ്.എഫ്
9. ശ്രീ. ബി. ജി വിഷ്ണു, ജില്ലാ സെക്രട്ടറി, എ.ഐ.എസ്.എഫ് തൃശ്ശൂർ
10. ശ്രീ. സുബിൻ നാസർ, ജില്ലാ പ്രസിഡന്റ്, എ.ഐ.എസ്.എഫ്
11. ശ്രീ. സഞ്ജു സുകുമാരൻ, യൂണിറ്റ് പ്രസിഡന്റ്, എ.ഐ.എസ്.എഫ്
12. അഡ്വ. എ. വി ഹസ്സൻ, പ്രസിഡന്റ്, രക്ഷാകർത്തൃ സമിതി.
13. ശ്രീ. കെ. എസ്. റോസ്സൽ രാജ്, ജില്ലാ സെക്രട്ടറി, എസ്.എഫ്.ഐ
14. ശ്രീ. അതുൽ ജോസ് ടി, യൂണിറ്റ് സെക്രട്ടറി, എസ്.എഫ്.ഐ
15. ശ്രീ. വി. രഘുനാഥൻ, ട്രഷറർ, രക്ഷാകർത്തൃ സമിതി.
16. ശ്രീ. പോളി പി. എ, രക്ഷാകർത്തൃ സമിതി
17. ശ്രീ. വി. എൻ സത്യൻ, രക്ഷാകർത്തൃ സമിതി
18. ശ്രീ. നിഷാദ് കെ സലിം, സംസ്ഥാന സെക്രട്ടറി, എം.എസ്.എഫ്
19. ശ്രീ. സി. വി. പൗലോസ്, പി. ടി. എ. വൈസ് പ്രസിഡന്റ്, നെഹ്റു കോളേജ് ഓഫ് ഫാർമസി, പാമ്പാടി.
20. ശ്രീ. പി. സുലൈമാൻ, പി. ടി. എ. പ്രസിഡന്റ്, നെഹ്റു കോളേജ് ഓഫ് ഫാർമസി, പാമ്പാടി.
21. ശ്രീ. അബ്ദുള്ളക്കുട്ടി പി. പി, എഞ്ചിനീയറിംഗ് വിദ്യാർത്ഥിയുടെ രക്ഷാകർത്താവ്
22. ശ്രീ. ഫസൽ പി. വൈ, ജില്ലാ വൈസ് പ്രസിഡന്റ്, എം.എസ്.എഫ്
23. ശ്രീ. മിഥുൻ മോഹൻ, ചെയർമാൻ, കെ.എസ്.യു സ്വാശ്രയ വിദ്യാഭ്യാസ സംരക്ഷണസമിതി
24. ശ്രീ. പ്രത്യാശ് ഇ. എസ്, വൈസ് പ്രസിഡന്റ്, എ.ബി.വി.പി, ഗവ. ലോ കോളേജ്, തൃശ്ശൂർ.
25. ശ്രീ. ജിതിൻ മോഹൻദാസ്, അസിസ്റ്റന്റ് പ്രൊഫസർ, നെഹ്റു കോളേജ്, പാമ്പാടി.
26. ശ്രീ. ഇർഷാദ്, അസിസ്റ്റന്റ് പ്രൊഫസർ, നെഹ്റു കോളേജ്, പാമ്പാടി.
27. ശ്രീ. അംബികാദാസ്, ചീഫ് വെൽഫെയർ ഓഫീസർ, നെഹ്റു കോളേജ്.
28. ശ്രീ. എം. ശ്രീനിവാസ്, അഡ്മിനിസ്ട്രേറ്റീവ് മാനേജർ (ഒഫീഷ്യൽ), നെഹ്റു കോളേജ്, പാമ്പാടി.
29. ശ്രീ. പി. രാമചന്ദ്രൻ നായർ, പ്രൊഫസർ (മാത്തമാറ്റിക്സ്), നെഹ്റു കോളേജ്.
30. ശ്രീ. ഉദയഭാനു പി, രക്ഷാകർത്താവ് (ശ്രീരാഗ്, NCERC)
31. ശ്രീ. വി. എ വിനോദ്, രക്ഷാകർത്താവ് (ശ്രീലക്ഷ്മി, ബി.ഫാം ഒന്നാംവർഷം)
32. ശ്രീ. ഫ്രാൻസിസ് ഇ. ജെ, രക്ഷാകർത്താവ് (അനു ഫ്രാൻസിസ്, ഡി ഫാം നാലാംവർഷം)
33. ശ്രീ. ശരത് ചന്ദ്രൻ കെ, ഏരിയ സെക്രട്ടറി, എസ്.എഫ്.ഐ
34. ശ്രീ. ഹസിൻ അലി ടി, യൂണിറ്റ് പ്രസിഡന്റ്, എം.എസ്.എഫ് ( NCERC വിദ്യാർത്ഥി)
35. ശ്രീ. അഖിൽ എം, യൂണിറ്റ് സെക്രട്ടറി, എ.ബി.വി.പി ( NCERC വിദ്യാർത്ഥി)

36. ശ്രീ. ജസ്റ്റിൻ ജോൺ, ട്രഷറർ, കെ.എസ്.യു ( NCERC വിദ്യാർത്ഥി)
37. ശ്രീ. സിനു ആന്റോ, യൂണിറ്റ് പ്രസിഡന്റ്, കെ.എസ്.യു ( NCERC വിദ്യാർത്ഥി)

സന്നിഹിതരായ എല്ലാവരും സ്വയം പരിചയപ്പെടുത്തി.

നെഹ്റു കോളേജ് വിദ്യാർത്ഥിയായ ജിഷ്ണു പ്രണോയിയുടെ മരണത്തെയും തുടർന്നുണ്ടായ അനിഷ്ടസംഭവങ്ങളെയും തുടർന്ന് പാമ്പാടി നെഹ്റു കോളേജിൽ കഴിഞ്ഞ ജനുവരി 6 നു ശേഷം 40 ദിവസത്തോളമായി അദ്ധ്യയനം മുടങ്ങിയിട്ടുള്ളത് സർക്കാർ ഗൗരവമായി കാണുന്നുവെന്നും ഈ കാര്യത്തിൽ ജില്ലാ ഭരണകൂടം ഇടപെട്ട് കോളേജ് ഉടൻ തുറക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് യോഗം വിളിച്ചിട്ടുള്ളതെന്നും ആയതിനാൽ എല്ലാവരും കുട്ടികളുടെ ഭാവി മുൻകണ്ട് ഉത്തരവാദിത്തത്തോടെയാണ് ചർച്ചയിൽ പങ്കെടുക്കേണ്ടതെന്നും യോഗാരംഭത്തിൽ അദ്ധ്യക്ഷൻ പറഞ്ഞു.

സർവ്വകലാശാലക്കു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമെന്ന നിലയിൽ സർവ്വകലാശാല ചട്ടങ്ങൾക്കു വിധേയമായ അക്കാദമിക് വിഷയങ്ങളിലും ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലിരിക്കുന്ന കുറ്റകൃത്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിലും ഈ വേദിയിൽ ചർച്ചക്കു പ്രസക്തിയില്ലാത്തതിനാൽ അക്കാര്യങ്ങൾ ഒഴിവാക്കി കോളേജ് തുറക്കുന്നത് സംബന്ധിച്ച് തുറന്ന മനസ്സോടെയുള്ള ചർച്ചയാണ് ഉദ്ദേശിച്ചിട്ടുള്ളത്. കോളേജ് തുറന്നു പ്രവർത്തിപ്പിക്കാൻ പോലീസ് സംരക്ഷണം ഉറപ്പുവരുത്തണമെന്നാവശ്യപ്പെട്ട് മാനേജുമെന്റും കോളേജ് തുറക്കുവാൻ ചർച്ച സംഘടിപ്പിക്കണമെന്നാവശ്യപ്പെട്ട് രക്ഷാകർതൃസമിതിയും കത്തുകൾ ജില്ലാ ഭരണകൂടത്തിന് നൽകിയിട്ടുള്ളതാണ്. വിദ്യാർത്ഥി സംഘടനകളും ഇതേ ആവശ്യമുന്നയിച്ച് സമരത്തിലാണ്.

**കോളേജിലെ** വിദ്യാർത്ഥികളെ പ്രതിനിധീകരിച്ച് സഞ്ജു സുകുമാരൻ, അതുൽ ജോസ്.ടി, ജസ്റ്റിൻ ജോൺ, അഖിൽ.എം എന്നിവർ സംസാരിച്ചു. കഴിഞ്ഞ തിങ്കളാഴ്ച രാവിലെ സമരമാരംഭിച്ച ശേഷം മാത്രമാണ് കോളേജ് മാനേജ്മെന്റിനെതിരെ ആത്മഹത്യാപ്രേരണക്കുറ്റം ഉൾപ്പെടെ ചുമത്തി കേസ് രജിസ്റ്റർ ചെയ്യുവാൻ പോലീസ് തയ്യാറായത്. എന്നാൽ അറസ്റ്റു ചെയ്യാൻ നടപടിയില്ല. ഇക്കാര്യത്തിൽ പോലീസ് വിശദീകരണം വേണം, ആരോപണവിധേയരെ കോളേജിൽനിന്നു പുറത്താക്കണം, സമരം ചെയ്ത വിദ്യാർത്ഥികൾക്കെതിരെ പ്രതികാരനടപടി പാടില്ല, മാനേജ്മെന്റ് അക്കാദമിക് കാര്യങ്ങളിൽ ഇടപെടരുത്, നിർബന്ധിത പിഴകൾ നിർത്തലാക്കണം, ഫീസ് / പണം കൈപ്പറ്റുമ്പോൾ കൃത്യമായ രശീത് നൽകണം, ഒരു മാസത്തെ ഹാജർ നഷ്ടപ്പെട്ടത് ക്രമവത്കരിക്കണം, വിദ്യാർത്ഥി, രക്ഷാകർതൃ പ്രതിനിധികളെ ഉൾപ്പെടുത്തി വിദ്യാർത്ഥി പരാതി പരിഹാരസെൽ, ആന്റി സെക്ഷ്വൽ ഹരാസ്സ്മെന്റ് സെൽ, ഹോസ്റ്റൽ മാനേജ്മെന്റ് കമ്മിറ്റി എന്നിവ രൂപീകരിക്കണം. നിശ്ചിത സമയപരിധിക്കുശേഷം **Caution Deposit** തിരിച്ചുനൽകണം. സംഘടനാ സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ട് വിദ്യാർത്ഥി യൂണിയൻ തിരഞ്ഞെടുപ്പ് നടത്തണം.

ശോഭ സുബിൻ, കെ.എസ്.യു. ജില്ലാ പ്രസിഡണ്ട് താഴെ പറയും പ്രകാരം അഭിപ്രായം

രേഖപ്പെടുത്തി.

— കോളേജ് തുറന്നു പ്രവർത്തിക്കണം എന്നതിനോടാണ് മുൻഗണന. പോലീസ് സ്വതന്ത്രമായും [illegible] കേസന്വേഷണം നടത്തുന്നതിൽ പരാതിയില്ല. അറസ്റ്റ് ചെയ്യാതെ കോളേജ് തുറക്കാനനുവദിക്കില്ല എന്ന നിലപാടില്ല. കോളേജ് തുറന്നാൽ വിദ്യാർത്ഥികൾക്കെതിരെ പ്രതികാരനടപടികൾ ഉണ്ടാകില്ല എന്ന് ഉറപ്പുവരുത്തണം. മാനേജ്മെന്റിൽ വിശ്വാസം നഷ്ടപ്പെട്ടിരിക്കുകയാണ്.

ബിനോയ്, എ.ബി.വി.പി. ദേശീയനിർവ്വാഹക സമിതി അംഗം താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി

വിദ്യാർത്ഥികളുടെ കുഴപ്പംകൊണ്ടല്ല കോളേജ് അടച്ചത്. മാനേജ്മെന്റിന്റെ ധാർഷ്ട്യം മൂലമാണത്. കോളേജ് തുറന്നാൽ പ്രതികാരനടപടി ഉണ്ടാകരുത്. പി.ടി.എ. രൂപീകരിക്കണം. വിദ്യാർത്ഥി യൂണിയൻ വേണം. അറസ്റ്റ് നടത്തിയേ കോളേജ് തുറക്കാൻ സമ്മതിക്കൂ എന്ന നിലപാടെടുക്കാനാകില്ല. മാനേജ്മെന്റിൽ വിശ്വാസം നഷ്ടപ്പെട്ടിരിക്കുകയാണ്.

എം.കെ. ഷിഹാബ്, എ.ഐ.എസ്.എഫ്. സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി

മുഖ്യമന്ത്രിക്ക് 16 ഇന ആവശ്യങ്ങളടങ്ങിയ നിവേദനം നൽകിയിട്ടുണ്ട്. അതിൽ സർക്കാരിന് ഇടപെടാനാകുന്ന വിഷയങ്ങളിൽ സർക്കാർ തീരുമാനം വേണം. കുറ്റക്കാരായ ആളുകളെ അറസ്റ്റു ചെയ്യുക എന്ന ആവശ്യത്തിൽ നിന്ന് പിന്നോട്ടില്ല. മാനേജ്മെന്റിന് ക്രിമിനൽ സ്വഭാവമാണുള്ളത്. കോളേജ് യൂണിയൻ ഉൾപ്പെടെയുള്ള വിദ്യാർത്ഥികളുടെ എല്ലാ ആവശ്യങ്ങളും അംഗീകരിക്കണം. ഡിസിപ്ലിനറി ഓഫീസർ തസ്തിക ഉണ്ടാകുവാൻ പാടില്ല. അക്കാദമിക് കാര്യങ്ങളിലും ഇന്റേണൽ മാർക്ക് ഉൾപ്പെടെയുള്ള കാര്യങ്ങളിലും മാനേജ്മെന്റ് ഇടപെടൽ ആവശ്യമില്ല. പി.ടി.എ. ആവശ്യമാണ്. പഠനം കഴിഞ്ഞ് സർട്ടിഫിക്കറ്റുകൾ തിരിച്ചു നൽകണം. **Caution Deposit** തിരിച്ചു കൊടുക്കണം. മാനേജ്മെന്റിന്റെ മനുഷ്യാവകാശലംഘനങ്ങൾ പാടില്ല.

നിഷാദ്.കെ.സലിം, എം.എസ്.എഫ്. സംസ്ഥാന സെക്രട്ടറി താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

വിദ്യാർത്ഥികളെ പീഡിപ്പിക്കുന്ന മാനേജർമാരോ അധ്യാപകരോ അനധ്യാപകരോ ഈ കോളേജിൽ ഉണ്ടാകരുത്. ആരോപണവിധേയരെ ചർച്ചകളിൽപോലും പങ്കെടുപ്പിക്കരുത്. സ്ഥലത്തെ പ്രാദേശിക നേതാക്കളെ ഉൾപ്പെടുത്തി കോളേജ് സമാധാന കമ്മിറ്റി രൂപീകരിക്കണം. നിലവിലുള്ള പി.ടി.എ.യിൽ വിശ്വാസമില്ല.

കെ.എസ്.റോസൽ രാജ്, എസ്.എഫ്.ഐ. ജില്ലാ സെക്രട്ടറി താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

കോളേജ് തുറക്കുന്ന തീയതി ഇന്നത്തെ യോഗത്തിൽ തീരുമാനിക്കണം. കുട്ടികളെ കായികമായി നേരിടുന്ന നയമാണ് കോളേജ് മാനേജ്മെന്റിന്റേത്. ഇക്കാര്യത്തിൽ പോലീസ്

ഇടപെടണം. മാനേജ്മെന്റിനോട് പോലീസിന് പക്ഷപാതം പ്രകടമാകുന്നു. ഇക്കാര്യത്തിൽ ചേലക്കര സബ് ഇൻസ്പെക്ടറുടെ നടപടി സംശയാസ്പദമാണ്. പോലീസ് വിദ്യാർത്ഥികളോട് സൗഹാർദ്ദപരമായി ഇടപെടണം.

ജോൺ പുതുക്കാട്, എ.ഐ.എസ്.എഫ്. സംസ്ഥാന സെക്രട്ടറിയറ്റ് അംഗം താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

കോളേജിലെ സെക്യൂരിറ്റി ജീവനക്കാർ ഗുണ്ടകളെപ്പോലെയാണ് പെരുമാറുന്നത്. ഇത് അവസാനിപ്പിക്കണം.

സന്തോഷ്.വി.സി., എ.ഐ.ഡി.എസ്.ഒ. സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

കോളേജിന് ക്രിമിനൽ മാനേജ്മെന്റാണ്. പോലീസ് കൂടി അതിൽ പങ്കുചേരുന്നു. കുറ്റക്കാരുടെ അറസ്റ്റിനു ശേഷമാണ് കോളേജ് തുറക്കേണ്ടത്.

മിഥുൻ മോഹൻ, കെ.എസ്.യു. സ്വാശ്രയ വിദ്യാഭ്യാസ സംരക്ഷക സമിതി ചെയർമാൻ താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

ചേലക്കര പോലീസ് സർക്കിൾ ഇൻസ്പെക്ടർ , പഴയന്നൂർ സബ് ഇൻസ്പെക്ടർ എന്നിവർ വിദ്യാർത്ഥികളോട് മോശമായി പെരുമാറുന്നു. ആ നിലപാട് മാറണം.

അഡ്വ.എ.വി.ഹനാൻ, പേരന്റ്സ് അസോസിയേഷൻ പ്രസിഡന്റ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

ആറായിരത്തോളം രക്ഷിതാക്കൾ ആശങ്കയിലും ദുരിതത്തിലുമാണ് കഴിയുന്നത്. ചെയർമാനുമായി വിഷയങ്ങൾ ചർച്ച ചെയ്ത് ചില കാര്യങ്ങളിൽ ധാരണയായിട്ടുണ്ട്. നിർബന്ധിത പിഴകൾ നിർത്തലാക്കും, പി.ടി.എ., പരാതി പരിഹാര സെൽ എന്നിവ രൂപീകരിക്കാം എന്നിങ്ങനെ ഉറപ്പുകൾ ലഭിച്ചിട്ടുണ്ട്. എൻജിനീയറിംഗ് ഒന്നും രണ്ടും വർഷങ്ങൾ കേരള സാങ്കേതിക സർവ്വകലാശാലയുടെ കീഴിലും മൂന്നും നാലും വർഷങ്ങൾ കാലിക്കറ്റ് സർവ്വകലാശാലയുടെ കീഴിലും **B Pharm, D Pharm** എന്നിവ ആരോഗ്യ സർവ്വകലാശാലയുടെ **(KUHAS)** കീഴിലുമാണ് വരുന്നത്. പ്രൊജക്റ്റ്, വൈവ മുതലായ കാര്യങ്ങളിൽ കുട്ടികൾക്ക് ബുദ്ധിമുട്ട് നേരിടാം. കോളേജ് തുറക്കുന്നതിൽ സർക്കാർ / ജില്ലാ ഭരണകൂടത്തിന്റെ ഇടപെടൽ ഇല്ലാത്തതുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ മുഖാന്തിരം സമീപിച്ചിട്ടുള്ളതാണ്.

പി.സുലൈമാൻ, ഫാർമസി കോളേജ്, പി.ടി.എ., പ്രസിഡന്റ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

വിദ്യാർത്ഥിയുടെ മരണവുമായി ബന്ധപ്പെട്ട കേസന്വേഷണത്തിൽ നിയമം നിയമത്തിന്റെ വഴിക്ക് പോകട്ടെ. കോളേജ് ഉടൻ തുറക്കണം. അറസ്റ്റു വൈകുന്നതിനനുസരിച്ച് കോളേജ് തുറക്കുന്നതും വൈകിക്കേണ്ടതില്ല. ഞങ്ങൾ മാനേജ്മെന്റിനെ അനുകൂലിക്കുന്നു എന്ന ആരോപണം ശരിയല്ല.

സി. ജി. ചെറിയാൻ, പി.ടി.എ. വൈസ് പ്രസിഡണ്ട് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

നിർഭയമായ പരാതികൾ ഉണ്ടാകില്ല. വിവിധ കമ്മിറ്റികൾ രൂപീകരിക്കാം എന്നിങ്ങനെ ചെയർമാൻ അറിയിച്ചിട്ടുണ്ട്. കോളേജ് ഉടൻ തുറക്കണം. പ്രൊഫഷണൽ കോളേജിലെ കുട്ടികൾക്ക് ക്ലാസ് ടൈമിൽ പഠിക്കാനില്ല. നഷ്ടപ്പെട്ട ഹാജർ മാപ്പാക്കുന്നതിന് സർവ്വകലാശാലയോട് ആവശ്യപ്പെടണം.

സത്യൻ.വി.എൻ, പാരന്റ് അസോസിയേഷൻ താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി

കുട്ടികൾ ആശങ്കാകുലരാണ്, കോളേജ് പി.ആർ.ഒ സഞ്ജിത്ത് വിശ്വനാഥൻ, അധ്യാപകർ പ്രവീൺ എന്നിവർ കോളേജിന്റെ ഗുണ്ടകളായാണ് നടക്കുന്നത്.

ശ്രീനിവാസൻ.എം, അഡ്മിനിസ്ട്രേറ്റീവ് മാനേജർ, പാമ്പാടി നെഹ്റു കോളേജ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി

കോളേജ് തുറക്കുന്നതിൽ എതിർപ്പില്ല. ചെയർമാൻ തീരുമാനമെടുക്കേണ്ട വിഷയങ്ങളിൽ ഞങ്ങൾക്ക് അഭിപ്രായം പറയാനാകില്ല. എന്നാൽ യോഗത്തിലെടുക്കുന്ന തീരുമാനങ്ങളോട് സഹകരിക്കും.

ഇർഷാദ്, അസിസ്റ്റന്റ് പ്രൊഫസർ താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി

കോളേജ് എത്രയും പെട്ടെന്ന് തുറക്കണം. വിദ്യാർത്ഥികളുടെ പല ആവശ്യങ്ങളും മാനേജ്മെന്റ് അംഗീകരിച്ചതാണ്. യോഗത്തിലെടുക്കുന്ന തീരുമാനങ്ങൾ മാനേജ്മെന്റിനെ ഗൗരവത്തോടെ ധരിപ്പിക്കുന്നതാണ്.

രാമചന്ദ്രൻ നായർ, മാത്തമാറ്റിക്സ് പ്രൊഫസർ താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി

വിദ്യാർത്ഥികളുടെ ഭാവി തുലാസിലാണ്. അതിനാൽ കോളേജ് ഉടൻ തുറക്കണം. ചില കുട്ടികൾ ഗേറ്റ് പരീക്ഷ എഴുതി നല്ല മാർക്ക് നേടിയിട്ടുള്ള കേസുകളിൽ കോളേജ് അടച്ചിടുന്നതും അധ്യയനം നഷ്ടപ്പെടുന്നതും മൂലം ആശങ്കയിലാണ്.

ജിഷ്ണു പ്രണോയിയുടെ മരണവുമായി ബന്ധപ്പെട്ട കേസന്വേഷണം സുതാര്യമായാണ് മുന്നോട്ട് പോകുന്നതെന്നും നിഷ്പക്ഷമായ അന്വേഷണം ഉറപ്പു നൽകുന്നതായും ജില്ലാ പോലീസ് മേധാവി പറഞ്ഞു. അറസ്റ്റിനുള്ള എല്ലാ മാർഗ്ഗങ്ങളും തേടുന്നുണ്ട്. സാവകാശം വേണം. മാനേജ്മെന്റിന് കോടതി പോലീസ് സംരക്ഷണം അനുവദിച്ചതുകൊണ്ട് പോലീസ് അത്തരത്തിൽ പ്രവർത്തിക്കുമ്പോൾ പോലീസ് മാനേജ്മെന്റിനെ അനുകൂലിച്ചും വിദ്യാർത്ഥികൾക്ക് എതിരായും പ്രവർത്തിക്കുന്നതായുള്ള തോന്നലുണ്ടായതാവാം ആക്ഷേപങ്ങൾക്ക് ഇടയാക്കിയത്.

തുടർന്ന് വിശദമായ ചർച്ചകളിലൂടെ സമവായത്തിൽ എത്തിയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

1. ജിഷ്ണു പ്രണോയിയുടെ മരണവുമായി ബന്ധപ്പെട്ട കേസന്വേഷണം എത്രയും വേഗം പൂർത്തിയാക്കി പ്രതികളെ അറസ്റ്റു ചെയ്യും. ഇതിനാവശ്യമായ എല്ലാ നിയമാനുസൃത നടപടികളും കാര്യക്ഷമതയോടെയും വേഗത്തിലും പോലീസ് സ്വീകരിക്കും.

2. ചേലക്കര പോലീസ് സർക്കിൾ ഇൻസ്പെക്ടർ, പഴയന്നൂർ സബ് ഇൻസ്പെക്ടർ എന്നിവർ വിദ്യാർത്ഥികൾക്ക് എതിരായ നിലപാട് സ്വീകരിക്കുന്നുവെന്ന പരാതി ജില്ലാ പോലീസ് മേധാവി പരിശോധിക്കും. ഇക്കാര്യത്തിൽ പോലീസിന്റെ ഭാഗത്തുനിന്ന് നിഷ്പക്ഷ നിലപാട് ഉണ്ടാക്കി ഈ ആശങ്ക ദുരീകരിക്കും.

3. കോളേജ് തുറന്ന് നിശ്ചിത തീയതികൾക്കുള്ളിൽ എഞ്ചിനീയറിംഗ് കോളേജിന്റേയും ഫാർമസി കോളേജിന്റേയും രക്ഷിതാക്കളുടെ ജനറൽ ബോഡി കോളേജ് അടിസ്ഥാനത്തിൽ വെവ്വേറെ വിളിച്ച് രക്ഷാകർതൃ ഗവേണിംഗ് ബോഡി കൂടി പി.ടി.എ രൂപീകരിക്കും. നിലവിലുള്ള പാരന്റ് അസോസിയേഷനും പി.ടി.എ.യും ഒത്തൊരുമിച്ച് പി.ടി.എ. ഗവേണിംഗ് ബോഡി യോഗത്തിൽ സജീവമായി പങ്കെടുത്ത് നിയമാനുസൃത പി.ടി.എ. രൂപീകരണത്തിൽ പങ്കാളികളാകേണ്ടതാണ്. തുടർന്ന് പി.ടി.എ. യോഗം ചേർന്ന് വിദ്യാർത്ഥി പരാതി പരിഹാരസെൽ രൂപീകരിക്കും. കാന്റീൻ മാനേജ്മെന്റ്, ഹോസ്റ്റൽ മാനേജ്മെന്റ്, ട്രാൻസ്പോർട്ട് മാനേജ്മെന്റ് എന്നിവക്ക് പ്രത്യേകം സബ് കമ്മിറ്റികളുണ്ടാക്കും. ടി കമ്മിറ്റികളിലും വിദ്യാർത്ഥി പ്രാതിനിധ്യം ഉറപ്പാക്കും.

4. വിദ്യാർത്ഥികൾക്ക് വിശ്വാസം നഷ്ടപ്പെട്ടിട്ടുള്ള, ആരോപണവിധേയരായ ചെയർമാൻ & മാനേജിംഗ് ട്രസ്റ്റി ഡോ.കൃഷ്ണദാസ്, പി. ആർ. ഒ. സഞ്ജിത്ത് വിശ്വനാഥൻ, വൈസ് പ്രിൻസിപ്പൽ ശക്തിവേൽ, അധ്യാപകരായ പ്രവീൺ, ഡിബിൻ, ഗോവിന്ദൻകുട്ടി എന്നിവർ കോളേജിന്റെ ദൈനംദിന കാര്യങ്ങളിൽ ഇടപെടുവാൻ പാടുള്ളതല്ല. വിദ്യാർത്ഥികൾക്ക് വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നതുകൊണ്ട് ഡോ. കൃഷ്ണദാസിനു പകരം മാനേജിംഗ് ട്രസ്റ്റി അംഗമായ കൃഷ്ണകുമാർ കോളേജിന്റെ ദൈനംദിന കാര്യങ്ങൾ നടത്തേണ്ടതാണ്.

5. മാനേജ്മെന്റിൽ വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നതിനാൽ ആയത് വീണ്ടെടുക്കുന്നതിന് ആവശ്യമായ എല്ലാ വിദ്യാർത്ഥി സൗഹൃദനടപടികൾക്കും മാനേജ്മെന്റ് മുൻകൈ എടുക്കേണ്ടതാണ് (pro-active, student-friendly, confidence-building measures).

6. ഇന്റേണൽ മാർക്ക്, ഡ്രസ്സ് കോഡ്, നിർബന്ധിത പിഴ സംബന്ധിച്ച പരാതികൾ വിദ്യാർത്ഥി പരാതി പരിഹാരസെൽ പരിശോധിക്കും.

7. ആരേയും സസ്പെൻഡ് ചെയ്തിട്ടില്ലെന്നും നിർബന്ധിത പിഴകൾ നിർത്തലാക്കിയെന്നുമുള്ള പ്രിൻസിപ്പലിന്റെ കത്ത് കണക്കിലെടുത്ത് എല്ലാ വിദ്യാർത്ഥികൾക്കും ക്ലാസ്സിൽ കയറാവുന്നതാണ്.

8. മാനേജ്മെന്റിന്റെ ഭാഗത്തുനിന്ന് വിദ്യാർത്ഥികൾക്കെതിരെ പ്രതികാര നടപടികളോ മാനസീകപീഡനങ്ങളോ ഉണ്ടാകില്ല. അച്ചടക്കരാഹിത്യത്തിന് നിലവിലുള്ള കേസുകൾ വിദ്യാർത്ഥി പരാതിപരിഹാരസെൽ പരിശോധിക്കും.

9. കുട്ടികളുടെ സുരക്ഷിതത്വവും സ്ഥാപനത്തിന്റെ സംരക്ഷണവും പോലീസ് ഉറപ്പാക്കും. കുട്ടികളെ കായികമായി നേരിടുന്നുവെന്ന പരാതി ഉയർന്നാൽ പോലീസ് ഇടപെടും.

10. അക്കാദമിക് കാര്യങ്ങളിൽ മാനേജ്മെന്റ് ഇടപെടരുത്. അക്കാദമിക് കാര്യങ്ങൾ പ്രിൻസിപ്പൽ ഉൾപ്പെടെ അധ്യാപക വിഭാഗം നിർവ്വഹിക്കും. കോളേജുമായി ബന്ധപ്പെട്ട ഭരണ കാര്യങ്ങളിലാണ് മാനേജ്മെന്റ് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടത്.
11. കുട്ടികളുടെ ഇന്റേണൽ മാർക്ക് സർവ്വകലാശാലക്ക് അയക്കുന്നതിനു മുമ്പ് പരാതിയുണ്ടെങ്കിൽ പരാതിപ്പെടുവാൻ ഏഴു പ്രവൃത്തി ദിവസങ്ങളെങ്കിലും ലഭിക്കുന്ന വിധത്തിൽ കോളേജിന്റെ വെബ് സൈറ്റിൽ ടി മാർക്കുകൾ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ടി മാർക്കുകൾ അന്തിമമായി സർവ്വകലാശാലക്ക് അയക്കുന്ന തിയതി കൂടി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.
12. പരമാവധി സ്പെഷ്യൽ ക്ലാസ്സുകൾ സംഘടിപ്പിച്ച് നഷ്ടപ്പെട്ട അധ്യയനം ലഭ്യമാക്കും. ഈ കാര്യങ്ങളും കൂടി ഉൾക്കൊള്ളിച്ച് കോളേജ് തുറന്ന് രണ്ട് ദിവസത്തിനുള്ളിൽ ഒരു അക്കാദമിക് കലണ്ടർ പ്രിൻസിപ്പൽ തയ്യാറാക്കേണ്ടതാണ്.
13. ഈ പ്രത്യേക സാഹചര്യത്തിൽ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ആവശ്യമായ ഹാജർനില അനുവദിക്കുന്നത് സംബന്ധിച്ച് സർവ്വകലാശാല സിൻഡിക്കേറ്റിന്റെ പ്രത്യേക ഉത്തരവ് ലഭ്യമാക്കുവാൻ പ്രിൻസിപ്പൽ നടപടി സ്വീകരിക്കേണ്ടതാണ്. ആയതിന്റെ ഒരു പകർപ്പ് ജില്ലാ ഭരണകൂടത്തിനും ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പ് മന്ത്രിക്കും ആവശ്യമായ ഇടപെടലിനുവേണ്ടി അയച്ചു കൊടുക്കേണ്ടതാണ്.
14. ബഹുമാനപ്പെട്ട ചേലക്കര എം.എൽ.എ. ചെയർമാനായും ആർ.ഡി.ഒ./ആർ.ഡി.ഒ.യുടെ പ്രതിനിധി കൺവീനറായും, കുന്നംകുളം ഡി.വൈ.എസ്.പി. , പ്രാദേശിക വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ, പി.ടി.എ. പ്രതിനിധികൾ, മാനേജ്മെന്റ് പ്രതിനിധികൾ എന്നിവർ അംഗങ്ങളുമായും കോളേജ് സമാധാന കമ്മിറ്റി (Peace Committee) രൂപീകരിക്കും.
15. അടുത്ത അധ്യയന വർഷം മുതൽ കോളേജിൽ സർവ്വകലാശാല / യു.ജി.സി. ചട്ടങ്ങൾ അനുസരിച്ചുള്ള വിദ്യാർത്ഥി യൂണിയൻ രൂപീകരിക്കും. അതുവരെ കോളേജ് വിദ്യാർത്ഥികൾ ഐക്യകണ്ഠേന നിർദ്ദേശിക്കുന്നവരെ (നോമിനേഷനിലൂടെ) ഉൾപ്പെടുത്തി പതിനഞ്ചംഗ താത്കാലിക സ്റ്റുഡന്റ് കോ- ഓർഡിനേഷൻ കമ്മിറ്റിയെ അംഗീകരിക്കും.
16. വിദ്യാർത്ഥി സംഘടനകൾ ഉന്നയിച്ച, ജിഷ്ണു പ്രണോയിയുടെ കുടുംബത്തിന് മാനേജ്മെന്റ് മതിയായ നഷ്ടപരിഹാരം നൽകണമെന്ന ആവശ്യം മാനേജ്മെന്റ് പരിഗണിക്കേണ്ടതാണ്.
17. വിദ്യാർത്ഥികളുടെ വിശ്വാസം നഷ്ടപ്പെട്ടതും ആരോപണ വിധേയരായവരുമായ ഉദ്യോഗസ്ഥരെ കോളേജിൽ നിന്നും പുറത്താക്കണമെന്ന വിദ്യാർത്ഥികളുടെ ആവശ്യം പരിഗണിച്ച് മാനേജ്മെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**17.02.2017** വെള്ളിയാഴ്ച രണ്ട് കോളേജുകളും തുറന്ന് അധ്യയനം തുടങ്ങുവാൻ യോഗം തീരുമാനിച്ചു. ആയതിന്റെ ഭാഗമായി ഹോസ്റ്റൽ, മെസ്സ്, ട്രാൻസ്പോർട്ട് സൗകര്യങ്ങൾ മാനേജ്മെന്റ് ഏർപ്പെടുത്തും. **22.02.2017** തിയതി **11 AM** ന് എഞ്ചിനീയറിംഗ് കോളേജ് പി.ടി.എ.യും **23.02.2017**

തിയതി 11 AM ന് ഗവൺമെന്റ് കോളേജ് പി.ടി.എ യും അതാത് കോളേജുകളിൽ പ്രതിനിധികളോടൊപ്പം ചർച്ച നടത്തും.

യോഗതീരുമാനങ്ങളുടെ നടത്തിപ്പിന്റെ മേൽനോട്ടത്തിന് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിനെ ചുമതലപ്പെടുത്തി.

മേൽ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ കോളേജിനു മുന്നിലുള്ള സമരം അവസാനിപ്പിക്കുന്നതായി എസ്.എഫ്.ഐ, കെ.എസ്.യു, എ.ഐ.എസ്.എഫ്, എം.എസ്.എഫ് സംഘടനാ പ്രതിനിധികൾ പ്രഖ്യാപിച്ചു. കോളേജിനു മുന്നിലുള്ള സമരം അവസാനിപ്പിക്കുന്നതായും ജിഷ്ണു പ്രണോയിയുടെ ഘാതകരെ അറസ്റ്റു ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള തങ്ങളുടെ സമരം കളക്ടറേറ്റിലേക്ക് മാറ്റുമെന്നും എ.ബി.വി.പി. പ്രതിനിധി അറിയിച്ചു.

കോളേജിൽ അധ്യയനം പുനരാരംഭിക്കുവാൻ സഹായകരമായ നിലപാടുകൾ സ്വീകരിച്ച എല്ലാവരെയും ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. യു. ആർ. പ്രദീപ് അഭിനന്ദിച്ചു. തുടർന്നും വിദ്യാർത്ഥി സൗഹൃദാന്തരീക്ഷം കോളേജിൽ നിലനിർത്തണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

യോഗതീരുമാനങ്ങളിൽ തങ്ങൾക്ക് വിയോജിപ്പുണ്ടെന്ന് പറഞ്ഞ് ഇറങ്ങിപ്പോകുവാൻ തുനിഞ്ഞ എ.ഐ.വൈ.എഫ്.ന്റെ ഭാരവാഹികളെ എല്ലാ വിദ്യാർത്ഥി സംഘടനകളും ഒരുപോലെ കുറ്റപ്പെടുത്തി. കോളേജിലെ വിദ്യാർത്ഥികൾ പോലും അംഗീകരിച്ച തീരുമാനങ്ങളിൽ യോഗവസാനം മാത്രം വിയോജിക്കുന്നത് മാധ്യമശ്രദ്ധ പിടിച്ചുപറ്റാനാണെന്ന് യോഗത്തിൽ പങ്കെടുത്തവർ ചൂണ്ടിക്കാട്ടി.

വിദ്യാർത്ഥികളുടെ ഭാവിയും ക്ഷേമവും മുൻനിർത്തി ഫെബ്രുവരി 17-ാം തിയ്യതി വെള്ളിയാഴ്ച കോളേജ് തുറക്കുവാനും തുടർന്ന് എല്ലാ വിഷയങ്ങളും മേൽ പറഞ്ഞ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ചർച്ചയിലൂടെ പരിഹരിച്ച് അധ്യയനം സുഗമമാക്കുവാൻ യോഗത്തിൽ പങ്കെടുത്ത എല്ലാവരും ഏകമനസ്സോടെ സഹകരിക്കണമെന്നും അദ്ധ്യക്ഷൻ അഭ്യർത്ഥിക്കുകയും യോഗത്തിൽ സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

യോഗം 1:15 മണിക്ക് അവസാനിച്ചു.

കളക്ടറേറ്റ്, തൃശ്ശൂർ
തിയതി : **15.02.2017**

(ഒപ്പ്)
ജില്ലാ കളക്ടർ.

സ്വീകർത്താവ്

യോഗത്തിൽ പങ്കെടുത്ത എല്ലാവരും.

പകർപ്പ് :

ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി (ആമുഖ കത്ത് സഹിതം).

// അംഗീകാരത്തോടെ //

ജൂനിയർ സൂപ്രണ്ട് (സി)

നം.8/16.02.17



Recd
സെക്ഷൻ ഓഫീസർ